*Celebrating Extraordinary Missionary Month October 2019…*

**02 ഒക്ടോബർ 2019**

(ലേഖനം: 1 തെസ 3:6-12; സുവിശേഷം: ലൂക്കാ 9:1-6)

ഫാ. റ്റോജി പുത്തൻകടുപ്പിൽ സിഎംഐ

ഇന്ന് പ്രത്യേകം ഓർക്കുന്ന മിഷൻ: ഓസ്ട്രേലിയ.
ഇന്ന് കാവൽമാലാഖമാരുടെ തിരുനാൾ ആഘോഷിക്കുന്നു.

മിശിഹായിൽ സ്നേഹം നിറഞ്ഞവരെ,
ഒക്ടോബർ മാസം അസാധാരണ മിഷൻ മാസമായി പ്രഖ്യാപിച്ചരിക്കുകയാണല്ലോ. ദൈവവത്തോട് നമ്മെ ചേർത്തുപിടിക്കുന്ന കാവൽ മാലാഖമാരോട് ഓസ്ട്രേലിയൻ മിഷന്റെയും, നമ്മുടെ പ്രേഷിത പ്രവർത്തനത്തിന്റെയും വിജയത്തിനായി ദൈവത്തിന്റെ തിരുസന്നിധിയിൽ പ്രാർത്ഥിക്കണമെന്നു അപേക്ഷിക്കാം. ഇന്നത്തെ സുവിശേഷം സുവിശേഷ പ്രഘോഷണത്തിൽ ക്രിസ്തു ശിഷ്യൻ എങ്ങനെ ആയിരിക്കണമെന്ന് പ്രഖ്യാപിക്കുന്നതാണ്.
ക്രിസ്തു താൻ വിളിച്ചവരെ കൃപയിൽ ബലപ്പെടുത്തി തിന്മകൾക്ക് മീതെ പ്രതിഷ്ഠിച്ചു നന്മ ചെയ്യാൻ അയക്കുന്ന സുവിശേഷ ഭാഗമാണ് ഇന്ന് വായിച്ചുകേട്ടത്. പന്ത്രണ്ട് ശ്ലീഹന്മാരെ ഒരുമിച്ചാണ് അയക്കുന്നത്. ഇതിന്റെ പ്രതീകാത്മകത: സഭ മുഴുവനെയും, അതായത് താൻ തിരഞ്ഞെടുത്ത എല്ലാവരെയും, വിശുദ്ധീകരണ ദൗത്യം ക്രിസ്തു ഭരമേല്പിക്കുന്നു. ഇതിലെ പ്രധാന പരാമർശം: അയക്കപ്പെടുന്നവൻ കൃപയുടെ നിറവിൽ ആയിരിക്കണം എന്നതാണ്. കൃപയില്ലാത്ത ശുശ്രൂഷകൾ ഫലപ്രാപ്തിയിൽ എത്തില്ല. പരിശുദ്ധാത്മാവിനാൽ മുദ്രിതമായ ശുശ്രൂഷകളിലാണ് ദൈവത്തിന്റെ ഇടപെടൽ ഉണ്ടാകുക.ശ്ലീഹാ അയക്കപ്പെട്ടവൻ ആണ്. ഓരോ ക്രിസ്ത്യാനിയും ശ്ലീഹായാകാൻ വിളിക്കപ്പെട്ടവനാണ്. ശ്ലീഹന്മാരുടെ പിൻഗാമികൾ മെത്രാന്മാരാണെന്നു പറയുമ്പോഴും ദൈവജനത്തെ ഒഴിച്ചുനിർത്തിയുള്ള ശ്ലീഹാ പരാമർശം പൂർണ്ണതയിൽ എത്തില്ല. ദൈവജനം ശ്ലീഹായാകാൻ വിളിക്കപ്പെട്ടവരുടെ സമൂഹമാണ്.
ക്രിസ്തുവിനാൽ അയക്കപ്പെട്ടവന്റെ ദൗത്യം: ദൈവരാജ്യം പ്രസംഗിക്കുക, രോഗികളെ സുഖപ്പെടുത്തുക എന്നതാണ്.
ദൈവരാജ്യത്തിന്റെ പ്രസംഗം: കേവലം വാക്കുകൾ കൊണ്ടല്ല, മറിച്ചു, ജീവിതസാക്ഷ്യംകൊണ്ടാവണമെന്നാണ് ക്രിസ്തു വിവക്ഷിക്കുക. ഒരു വ്യക്തി ആയിരിക്കുന്ന സ്ഥലം, അവന്റെ കുടുംബം, അയൽപക്കം, ജീവിക്കുന്ന നാട്, ജോലിസ്ഥലം, പഠനസ്ഥലം, സൗഹൃദവേദികൾ - ഇവിടെയെല്ലാം വാക്കുകൊണ്ടും, പ്രവർത്തികൊണ്ടും, സാന്നിധ്യം കൊണ്ടും ദൈവവചനം ജീവിച്ച് പ്രഘോഷിക്കണം.
ഇന്നത്തെ സുവിശേഷത്തിലെ ചില പരാമർശങ്ങളെ ജീവിതസാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി വായിക്കേണ്ടിയിരിക്കുന്നു.

-രോഗങ്ങൾ സുഖമാക്കുക: തിന്മയിൽ ബന്ധിതമായ ആത്മാക്കളെ ദൈവകൃപയിൽ സൗഖ്യപ്പെടുത്തുക, ശാരീരിക രോഗപീഡകളിൽനിന്നും സൗഖ്യം പ്രദാനം ചെയ്യുക എന്നീ ദൗത്യങ്ങൾ ക്രിസ്തു ഏല്പിക്കുന്നു.
വചനാത്മകതയ്ക്ക് തടസ്സം നിൽക്കാവുന്ന ഒന്നും കൂടെ കൊണ്ടുനടക്കരുതെന്നു ഈശോ പഠിപ്പിക്കുന്നു.-വസ്ത്രം: പാപത്തിന്റെ മൂടുപടം.
-സഞ്ചി: തനിക്കായി - സ്വാർത്ഥതയുടെ ശേഖരം സൂക്ഷിക്കരുത്.
-അപ്പം: ഭൗതികതയിൽ ഭ്രമിക്കരുത്.
-പണം: ധനത്തിന്റെ, സമ്പത്തിന്റെ അതിരുകവിഞ്ഞ ആകർഷണം.
ഇവയിൽനിന്നൊക്കെ ക്രിസ്തു ശിഷ്യൻ, ശ്ലീഹാ, ഒഴിഞ്ഞുനിൽക്കണം.
-കാലിലെ പൊടി തട്ടിക്കളയുക: ശുശ്രൂഷകളുടെ അവശേഷിപ്പുകൾ തേടി പഴയ പ്രേഷിത മേഖലകളിൽ തിരികെ പോകരുത്. അവിടെ നിന്നും ഒന്നും - ഭൗതിക വസ്തുക്കൾ, സ്ഥാനമാനങ്ങൾ മുതലായവ സ്വീകരിക്കാൻ മനസ്സ് വെമ്പൽ കൊള്ളരുത്.
-ചുറ്റിസഞ്ചരിക്കണം: ഒരു വ്യക്തിയുടെ, സമൂഹത്തിന്റെ ജീവിതത്തിലൂടെ ചുറ്റിസഞ്ചരിച്ചു, അവരെ വിശുദ്ധീകരിക്കണം. അതായത്, മനുഷ്യരുടെ വേദനകളിലൂടെ, തകർച്ചകളിലൂടെ, ഉപേക്ഷിക്കപ്പെടലുകളിലൂടെ, വചനവുമായി ചുറ്റി സഞ്ചരിച്ചു സമാശ്വാസത്തിന്റെ ശീതളതകളിലേക്കു മനസുകളെ നയിക്കണം.
ഇന്ന് ഭാരതത്തിന്റെ രാഷ്ട്ര പിതാവായ മഹാത്മാ ഗാന്ധിയുടെ 150-ആം ജന്മദിനം ആഘോഷിക്കുകയാണ്. ഒരു രാജ്യത്തെ ജനതയുടെ സ്വാതന്ത്ര്യ സ്വപ്നങ്ങൾക്ക് സാക്ഷാത്ക്കാരം നൽകാൻ അയക്കപ്പെട്ടവനായി അദ്ദേഹം മാറി. പാപത്തിന്റെ മൂടുപടലമില്ലാതെ, സ്വാർത്ഥതയുടെ ശേഖരം സൂക്ഷിക്കാതെ, ഭൗതികതയിൽ ഭ്രമിക്കാതെ, ധനത്തിന്റെ അതിരുകടന്ന ആകർഷണം ഇല്ലാതെ ഒരു ജനതയുടെ ഉന്നമനത്തിനായി ഭാരതം മുഴുവൻ ചുറ്റി സഞ്ചരിച്ചു പ്രവർത്തിക്കാൻ അദ്ദേഹത്തിന് സാധിച്ചു.
പ്രിയമുള്ളവരേ, ഒരു യഥാർത്ഥ മിഷനറിയായി ഓരോ ക്രിസ്തു ശിഷ്യനും മാറണം. വിശുദ്ധി നിറഞ്ഞ പ്രേഷിത പ്രവർത്തനം ജീവിതസാക്ഷ്യംകൊണ്ട് നടത്താൻ ദൈവം നമുക്ക് കൃപ നൽകട്ടെ. നമ്മുടെ മിഷൻ മേഖലകൾ പരിശുദ്ധാത്മാവിന്റെb അഭിഷേകത്താൽ നിറയട്ടെ. ക്രിസ്തുവിന്റ ശ്ലീഹായായി മാറാൻ നമുക്ക് ഓരോരുത്തർക്കും പരിശ്രമിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

*Published by*
CMI General Department of Evangelization and Pastoral Ministry